# സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

പ്രപഞ്ചശക്തിയുടെ വലിയ ദൈവമാണ് നമ്മുടെ ഇടയൻ. ആ ശക്തി ഗ്രഹിക്കുവാൻ ആർക്കാണ് കഴിയുക. നമ്മെ ദുരാത്മശക്തിയിൽ നിന്നും ഭയത്തിൽ നിന്നും വിടുവിപ്പാൻ കഴിവുള്ളവനാണ്. നമ്മെ സംരക്ഷിപ്പാനും നമ്മുടെ ആവശ്യങ്ങളെ നിറവേററാനും കഴിവുള്ളവനാണ് നമ്മുടെ ഇടയൻ. അവന്റെ അടുക്കൽ വന്ന രോഗികളെല്ലാം തന്റെ വചനത്തിന്റെ ശക്തിയാൽ സുഖംപ്രാപിച്ചു. മുടന്തർ എഴുന്നേററു നടന്നു. പക്ഷവാതക്കാരൻ നടക്കുന്നു. കുരുടർക്ക് കാഴ്ച ലഭിക്കുന്നു. ചെകിടർക്ക് കേൾക്കുവാൻ കഴിയുന്നു. കുഷ്ഠരോഗികൾ ശുദ്ധരായി തീരുന്നു. മരിച്ചവർ ഉയിർത്തെഴുന്നേൽക്കുന്നു. പ്രകൃതി പോലും അവനെ കീഴടങ്ങി. കാററും കടലും അവന്റെ വചനത്താൽ ശാന്തരായി. കർത്താവ് സകലത്തിന്റെയും യജമാനനാണെന്നും അവൻ തെളിയിക്കുകയും എല്ലാവരും അംഗീകരിക്കുകയും ചെയ്തു. കർത്താവ് രോഗത്തിന്റെയും പ്രകൃതിയുടെയും ഭൂതങ്ങളുടെയും മരണത്തിന്റെയും യജമാനനാണ്. അവൻ മരിച്ചവരെ ഉയിർപ്പിച്ചു എന്നു മാത്രമല്ല, അവൻ തന്നെ മരിച്ചവരുടെ ഇടയിൽ നിന്നും ഉയിർത്തെഴുന്നേററ് അവന്റെ അധികാരത്തെ ആവർത്തിച്ചുറപ്പിച്ചു. അങ്ങനെ സകലത്തിന്റെയും യജമാനനായ ആ യേശുവാണ് നമ്മുടെ ഇടയൻ. എതു നിലയിലും നമുക്ക് ഒരു ഇടയൻ ആവശ്യമാണ്. എന്തെന്നാൽ നമുക്ക് സ്വയം ശക്തിയാൽ ജീവിക്കുവാനോ നിലനിൽക്കുവാനോ സാധിക്കുകയില്ലെന്നു നമുക്ക് തന്നെ ബോധ്യമുണ്ട്.

അതിനാൽ നമ്മെ വഴി നടത്തുവാൻ ഒരു ഇടയൻ ആവശ്യമാണ്. അവനാണ് നല്ല ഇടയനായ യേശു. ആ യേശുവിനെ നമ്മുടെ ഇടയനായി ഇപ്പോൾ തന്നെ അംഗീകരിക്കുക. ആ നല്ല ഇടയൻ നമ്മെ സകലത്തിൽ നിന്നും രക്ഷിക്കും. നമ്മുടെ രോഗത്തെ സൗഖ്യമാക്കും. നമ്മുടെ ഭയം നീക്കി നമ്മുടെ ഹൃദയത്തെ വിശ്വാസത്താൽ നിറയ്ക്കും. എല്ലാ ചിന്താഭാരവും നീക്കി നമ്മെ സന്തോഷരാക്കും. എല്ലാ ദുഃഖവും പ്രയാസവും മാററി നമ്മെ നിലനിർത്തും. അന്ധകാരശക്തിയുടെ എല്ലാ പ്രവർത്തനങ്ങളിൽ നിന്നും ശത്രുവിന്റെ കെണിയിൽ നിന്നും അവൻ നമ്മെ വിടുവിച്ച് കാക്കുകയും വഴി നടത്തുകയും ചെയ്യുന്നു. നല്ല വഴികൾ ഏതെന്ന് അറിയാവുന്ന ഈ നല്ല ഇടയൻ നല്ല വഴിയിലൂടെ തന്നെ നമ്മെ നടത്തും. ആകയാൽ അവന്റെ അടുക്കലേക്കു വരിക, കർത്താവിനെ നല്ല ഇടയനായി അംഗീകരിക്കുക, അവൻ മാത്രമാണ് ഇടയനായിരിപ്പാൻ യോഗ്യൻ.

തുടരും....